


ഫാ. ഓസ്റ്റിൻ കളപ്പുര സി.എം.ഐ

# അവഗണിക്കപ്പെട്ടവർക്കും ദരിദ്രർക്കും ചാവറയച്ചന്റെ കർമപദ്ധതികൾ

സർവജനത്തിന്റെയും സമഗ്രവിമോചനം തന്റെ ജീവിത
ദൗത്യമായി ഗ്രഹിച്ച് സന്യാസവൈദിക ജീവിതമാരംഭിച്ച
ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ സമൂഹത്തിൽ അവഗ
ണിക്കപ്പെട്ടവർക്കും ദരിദ്രർക്കും വേണ്ടിയുള്ള പദ്ധതികൾ
ആവിഷ്കരിക്കുന്നതിൽ സവിശേഷശ്രദ്ധയുള്ളവനായിരുന്നു.
യേശുക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട മനുഷ്യസമൂഹ
ത്തിന്റെ സമഗ്രവിമോചന ദൗത്യത്തിൽ (LK4: 18-19)പൂർണ
മായും പങ്കുകാരനാകാനുള്ള ചാവറയച്ചന്റെ തീവ്രമായ അഭി
ലാഷമാണ് ഇവയിലൂടെ സ്പഷ്ടമാകുന്നത്. ദരിദ്രർക്ക് സദ്
വാർത്തയായ യേശുവിനെപ്പോലെ തന്റെ കാലഘട്ടത്തിൽ
യേശുവിനെ അനുകരിച്ച് ദരിദ്രർക്ക് സദ്വാർത്തയാകാനും
സദ്വാർത്തയേകാനും ചാവറയച്ചന്റെ കർമപദ്ധതികൾ ഉപ
കരിച്ചുവെന്നതിൽ സംശയിക്കേണ്ടതില്ല.

**ദളിതരുടെ സമുദ്ധാരണം**

അജ്ഞതയിലും ദാരിദ്ര്യത്തിലും ജീവിക്കാൻ വിധിക്കപ്പെട്ട
വരും സമൂഹത്തിൽ താഴ്ന്ന വർഗക്കാരെന്ന് കരുതപ്പെട്ടിരു
ന്നവരുമായ പുലയവിഭാഗത്തിന്റെ സമുദ്ധാരണം ചാവറയ
ച്ചന്റെ പ്രത്യേക പരിഗണനയായിരുന്നു. സമൂഹത്തിലെ ഉന്ന
തരുടെ നിലയിലേക്ക് അവരെ ഉയർത്താനായി അദ്ദേഹം
ചെയ്തത് അവരുടെ വിദ്യാഭ്യാസത്തിനായി സ്കൂൾ ആരം
ഭിച്ചു എന്നതാണ്. വിവിധ പ്രായക്കാരായ 75 വ്യക്തികളെ ചേർത്ത് 1864-ൽ മാന്നാനത്ത് ദളിതർക്കായുള്ള വിദ്യാലയം ആരംഭിച്ചു. കൂലിവേല ചെയ്ത് ജീവിതമാർഗം കണ്ടെത്തിയിരുന്ന അവരുടെ ക്ലാസുകൾ അവധി ദിവസങ്ങളിലായിരുന്നു. രാവിലെ മുതൽ വൈകിട്ടുവരെ ക്ലാസുകൾ നടത്തുമായിരുന്നു. അവർക്കുള്ള ഉച്ചഭക്ഷണം മാന്നാനം ആശ്രമത്തിൽനിന്നാണ് നൽകിയിരുന്നത്. ഇതൊരു വലിയ ജനസേവനമാണെന്ന് മനസിലാക്കിയ മറ്റ് വൈദികരും സന്യസ്തരും ദളിത് ക്രൈസ്തവരുടെയും ദളിതരുടെയും വിദ്യാഭ്യാസത്തിനായി സ്കൂളുകൾ ആരംഭിക്കുകയുണ്ടായി. ചാവറയച്ചൻ അതിനവർക്ക് നിർദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു.

**പിടിയരി**

ദളിതരുടെ സ്കൂളിൽ ഉച്ചഭക്ഷണത്തിനാവശ്യമായ പണം സ്വരൂപിക്കാനായി ചാവറയുടെ ബുദ്ധിയിലുയർന്ന പദ്ധതിയായിരുന്നു പിടിയരിപ്പിരിവ്. പദ്ധതി ഇപ്രകാരമായിരുന്നു : ഓരോ നേരവും ഭക്ഷണത്തിനുള്ള അരി അളന്ന് പാത്രത്തിലിട്ടശേഷം അതിൽനിന്ന് ഒരുപിടി അരിയെടുത്ത് മറ്റൊരു പാത്രത്തിലിട്ട് സൂക്ഷിക്കുക. ആഴ്ചയുടെ അവസാനത്തിൽ അത് ആശ്രമത്തിലെത്തിക്കുക, പാവങ്ങൾക്കുവേണ്ടി ഇപ്രകാരം മാറ്റിവയ്ക്കപ്പെടുന്നതിലൂടെ ഭക്ഷണത്തിൽ കുറവ് വരി




ക്രൈസ്റ്റ് കോളജ്,
ബാംഗലൂർ



*പുളിങ്കുന്ന് ആശ്രമം*

ല്ലെന്നു മാത്രമല്ല, കുടുംബത്തിലെ സമൃദ്ധി വർധിക്കുകയും ചെയ്യും എന്ന വിശ്വാസത്തിൽ ഇപ്രകാരം ചെയ്യുന്നതിൽ വീട്ടുകാർക്കെല്ലാം വളരെ ഉത്സാഹമായിരുന്നു . മാത്രമല്ല, സമൂഹത്തിലെ ധനികർ ഇക്കാര്യത്തിൽ കൂടുതലായി സഹകരിക്കുകയും മറ്റ് സഹായങ്ങൾ ദരിദ്രർക്കുവേണ്ടി ചെയ്യാൻ അവർക്കിത് പ്രേരണയായിത്തീരുകയും ചെയ്തു. ഇന്നും നമ്മുടെ ക്രൈസ്തവദേവാലയങ്ങളിൽ 'പിടിയരിപ്പിരിവ്' നടത്തി ദരിദ്രരെ സഹായിക്കുന്നതു കാണാം. മാത്രമല്ല, ദരിദ്രരെ സഹായിക്കുകയെന്നത് ക്രിസ്തീയ പുണ്യമായി കരുതി ഇന്നിപ്പോൾ വിവിധ മാർഗങ്ങളിലൂടെ ചാവറയുടെ ദർശനം ദേവാലയങ്ങളും ഭക്തസംഘടനകളും കുടുംബക്കൂട്ടായ്മകളും ക്രിസ്തീയ കുടുംബങ്ങളും വ്യക്തികളും നടത്തിക്കൊണ്ടിരിക്കുന്നു എന്നതു വളരെയേറെ അഭിമാനകരമാണ്.

**ബോധവത്കരണമന്ത്രം**

ദരിദ്രരേയും അവശതയനുഭവിക്കുന്നവരേയും അനാഥരേയും ദൈവത്തിന്റെ മക്കളായി വീക്ഷിച്ച ചാവറയച്ചൻ, അവരെ സഹായിക്കുകയെന്നത് ക്രൈസ്തവ വിശ്വാസികളുടെ അടിസ്ഥാന ജീവിത ദൗത്യവും അനുദിന ജീവിതശൈലിയുമായിരിക്കണമെന്ന് വിശ്വാസികളെ ഉപദേശിക്കുന്നതിലും അതിനായവരെ പ്രോത്സാഹിപ്പിക്കുന്നതിലും അതീവ തൽപരനായിരുന്നു. മരണാനന്തരം മനുഷ്യന് ലഭിക്കാനിരിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ അടിസ്ഥാനമായാണ് സാധു ജനസേവനത്തെ അദ്ദേഹം കണക്കാക്കിയിരുന്നത്. തന്മൂലം ഒരു പ്രവാചകന്റെ ആധികാരികതയോടെ അദ്ദേഹം ഇപ്രകാരം പ്രഘോഷിച്ചിരുന്നു: "മറ്റു മനുഷ്യർക്ക് എന്തെങ്കിലും നന്മ പ്രവൃത്തി ചെയ്യാതെ കടന്നുപോകുന്ന ദിവസം ആയുസിന്റെ കണക്കിൽ (പുസ്തകത്തിൽ) ദൈവം ഉൾപ്പെടുത്തുകയില്ല." ഓരോ ദിവസവും നിത്യമായ സൗഭാഗ്യത്തിന്റെ അടിസ്ഥാനമാകണമെന്നും, അത് നന്മ പ്രവൃത്തികളിലൂടെയാണ് യാഥാർഥ്യമാകുന്നതെന്നും, അല്ലാത്ത പക്ഷം പ്രസ്തുത ദിവസം ഒരു വ്യക്തിയുടെ നിത്യായുസിനെ സംബന്ധിച്ച് ഉപയോഗശൂന്യമാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രബോധനം. തന്മൂലം തങ്ങളുടെ വാതിൽക്കൽ മുട്ടിവിളിക്കുന്ന ദരിദ്രരെ വെറുംകൈയോടെ പറഞ്ഞയയ്ക്കുന്നതും, കൂലിവേല ചെയ്യുന്നവന് മാന്യമായ കൂലി കൃത്യസമയത്ത് നൽകാതിരിക്കുന്നതും പാപകരമായ മനസ്ഥിതിയും പ്രവൃത്തിയുമാണെന്ന് ചാവറയച്ചൻ ജനങ്ങളെ പഠിപ്പിച്ചിരുന്നു. കൂലിക്കാരന്റെ വിയർപ്പ് വറ്റുന്നതിനു മുമ്പേ അവന്റെ കൂലി കൈയിലെത്തിയിരിക്കണമെന്ന നിർബന്ധം ജോലി ചെയ്യിപ്പിക്കുന്നവർക്കുണ്ടായിരിക്കണമെന്നതാണ് ചാവറയച്ചന്റെ പ്രബോധനം. അതുപോലെ തന്നെ, അവഗണിക്കപ്പെട്ടവന്റെയും അവഹേളിക്കപ്പെട്ടവന്റെയും, മാന്യമായ കൂലിയോ യുക്തമായ സഹായമോ കിട്ടാത്തവന്റെയും കണ്ണുനീർ, അതു നൽകാൻ കടപ്പെട്ടവനെതിരേയുള്ള പ്രതികാരത്തിന്റെ നിലവിളിയായി ദൈവസന്നിധിയിൽ നിലനിൽക്കുമെന്നും, അത് കൊടുക്കാതിരിക്കുന്നിടത്തോളം കൊടുക്കാൻ കടപ്പെട്ടവന് സമാധാനം അനുഭവിക്കാനാകില്ലെന്നും ചാവറയച്ചന്റെ പ്രബോധനങ്ങളിൽ കാണാം.

**ഉപവിശാല**

അഗതികളും അനാഥരും വൃദ്ധരും ദരിദ്രരും മരണാസന്നരുമായവരെ മാന്യമായി ജീവിക്കാനും മരിക്കാനും സഹായിക്കുക എന്നത് ചാവറയച്ചന്റെ വലിയൊരു കാഴ്ചപ്പാടിന്റെ ഭാഗമാണ്. ദൈവത്തിന്റെ രൂപത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെ മഹത്വമാണ് അടിസ്ഥാന തത്വം. ദൈവഛായയിൽ ജനനം അവകാശപ്പെട്ടതാണെങ്കിൽ മൃഗങ്ങളിൽനിന്നു വ്യത്യാസപ്പെട്ട മനുഷ്യന്റെ എല്ലാ മഹത്വത്തോടുകൂടിയും ജീവിക്കാനും മരിക്കാനും മനുഷ്യന് അവകാശമുണ്ട്. ഈ കാര്യത്തിൽ സഹജീവികളെ സഹായിക്കുകയെന്നത് മനുഷ്യന്റെ വലിയ കടമയും ഉത്തരവാദിത്വവുമാണ്. ഈ ഉദ്ദേശത്തോടെയാണ് ചാവറയച്ചൻ തന്റെ സ്വന്ത ജനങ്ങളുടെയിടയിൽ, കൈനകരിയിൽ 'ഉപവിശാല'യ്ക്കു തുടക്കം കുറിക്കുന്നത്. ഇതിൽ സ്വീകരിക്കേണ്ടി വരുന്നവരെ സഹായിക്കുവാനായിട്ടാണ് ജനങ്ങളിൽനിന്നുതന്നെയുള്ള വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിലുള്ള 'നന്മരണസഖ്യം' എന്ന സംഘടനയ്ക്ക് രൂപംകൊടുത്തത്. ഇന്നത്തെ വിൻസന്റ് ഡി പോൾ സംഘടനയുടെ പ്രവർത്തനശൈലിയായിരുന്നു അതിന്റേത്. ഒരുപക്ഷേ, ഇത്തരത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ അത്മായ സംഘടന.


**മരണസഹായസംഘം**

ദരിദ്രകുടുംബങ്ങളിലെ മരണാവസരങ്ങളിൽ ആ കുടുംബങ്ങൾ അനുഭവിക്കുന്ന സാമ്പത്തികബുദ്ധിമുട്ട് കണ്ടു മനസിലാക്കിയ ചാവറയച്ചൻ, അതിനൊരു പ്രതിവിധിയായി സ്ഥാപിച്ചതാണ് നൽമരണ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള മരണസഹായസംഘം. ഒരു പ്രദേശത്തെ എല്ലാ കുടുംബങ്ങളെയും ഈ സംഘത്തിൽ ചേർക്കാൻ





*വാഴക്കുളം ആശ്രമം*

# സി.എം.ഐ സഭയിലെ ബിഷപ്പുമാർ



മാർ ജനുവാരിയൂസ് പാലത്തുരുത്തി
ചാന്ദാരൂപതയുടെ പ്രഥമബിഷപ്



മാർ വിജയാനന്ദ് നെടുമ്പുറം
ചാന്ദാ



മാർ ഗ്രേഷ്യൻ മുണ്ടാടൻ
ബിജ്നോർ



മാർ ക്ലെമൻസ് തോട്ടുങ്കൽ
സാഗർ രൂപതയുടെ പ്രഥമ ബിഷപ്



മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ
സാഗർ



മാർ ജോനാസ് തളിയത്ത്
രാജ്കോട്ട് രൂപതയുടെ പ്രഥമ ബിഷപ്



മാർ ഗ്രിഗറി കരോട്ടെമ്പ്രയിൽ
രാജ്കോട്ട്



മാർ പൗളീനോസ് ജീരകത്ത്
ജഗദൽപുർ രൂപതയുടെ പ്രഥമ ബിഷപ്



മാർ സൈമൺ സ്റ്റോക്ക് പാലാത്ര
ജഗദൽപുർ



മാർ ജോസഫ് കുന്നത്ത്
അദിലാബാദ്



മാർ ഇമ്മാനുവേൽ പോത്തനാമ്മുഴി
മാനന്തവാടി മുൻ ബിഷപ്

അദ്ദേഹം പരിശ്രമിച്ചു. ഒരു നിശ്ചിത സംഖ്യ പ്രതിമാസം എല്ലാ കുടുംബങ്ങളിൽനിന്നും സ്വരൂപിച്ച് ഇക്കാര്യം സ്തുത്യർഹമായി നടത്തിക്കൊണ്ടുപോകാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. മരണാവസരത്തിലെ ചെലവുകൾ നടത്തിയിരുന്നത് മരണസഹായ സംഘത്തിന്റെ ഉത്തരവാദിത്വമായിരുന്നു. ഇത് ദരിദ്രരെ സംബന്ധിച്ചിടത്തോളം വലിയ നന്മയായി ഭവിച്ചു. സാമ്പത്തിക സഹായത്തിനുപരി സംഘത്തിലെ എല്ലാ അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും മരണമടഞ്ഞ വ്യക്തിയുടെ കുടുംബത്തിൽ ഒന്നിച്ചുകൂടി പ്രാർഥിക്കുകയും മരണാനന്തര ശുശ്രൂഷയിൽ സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു. കേരളത്തിലെ നിരവധി ദേവാലയങ്ങളിൽ ഇന്നും ഇത്തരം സംഘടനകൾ സ്തുത്യർഹമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നത് സഭയ്ക്ക് ഏറെ അഭിമാനകരമാണ്.

**ആനുകാലിക സമുദ്ധാരണ പ്രവർത്തനങ്ങൾ**

ആധുനിക ലോകത്തിലെ ദരിദ്രരുടെ കഷ്ടതകളും കണ്ണുനീരും സഭയുടെ തന്നെയാണെന്ന അവബോധത്തോടെ ചാവറയച്ചന്റെ പിൻഗാമികളായ സി.എം.ഐ. സഭാംഗങ്ങൾ സമാരംഭിച്ച് നടത്തിക്കൊണ്ടിരിക്കുന്ന ജനക്ഷേമപദ്ധതികൾ നിരവധിയാണ്. സഭയിൽനിന്നും പൊതുജനങ്ങളിൽനിന്നും വിദേശിയരിൽനിന്നും പണം സ്വരൂപിച്ച് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി 41 മേജർ പദ്ധതികളും 288 ചെറുപദ്ധതികളും നടത്തിവരുന്നുണ്ട്. മന്ദബുദ്ധികൾ, വികലാംഗർ, യാചകർ, വൃദ്ധന്മാർ എന്നിവരുടെ സംരക്ഷണത്തിനായുള്ള സ്ഥാപനങ്ങളും സഭയുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഓരോ ആശ്രമത്തിന്റെയും മൊത്തവരുമാനത്തിന്റെ പത്തു ശതമാനം നിർബന്ധമായും ദരിദ്രരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നൽകുന്നതിനു പുറമേ, ആശ്രമ പരിസരങ്ങളിലെ ദരിദ്രവിഭാഗത്തിന്റെ സർവതോമുഖമായ സമുദ്ധാരണത്തിൽ സവിശേഷശ്രദ്ധയും പരിഗണനയും നൽകണമെന്ന നിർദേശം സഭാനിയമത്തിലൂടെ നൽകിയിരിക്കുന്നു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

**ഉപസംഹാരം**

ദരിദ്രരുടെ സമുദ്ധാരണത്തിനായി രണ്ടു നൂറ്റാണ്ടുമുമ്പ് ചാവറയച്ചനു ദൈവം നൽകിയ ദർശനത്തിലും അതിനായുള്ള കർമപദ്ധതികളിലും ദൈവത്തിന്റെ അദ്ഭുതകരമായ കരം നമുക്ക് ദർശിക്കാനാകട്ടെ. ജനത്തിന്റെ സമഗ്രവിമോചനമെന്ന ദൗത്യം സി.എം.ഐ. സഭയിലൂടെയും ദൈവജനത്തിന്റെ സഹകരണത്തിലൂടെയും പ്രോജ്വലമാക്കാൻ ഈ ശുഭാവസരത്തിൽ നമുക്ക് പ്രതിജ്ഞാബദ്ധരാകാം; ചലനാത്മക സഭയുടെ ചാലകശക്തിയായി ഇന്നും എന്നും ചാവറയച്ചൻ നമ്മെ നയിക്കട്ടെയെന്നു പ്രാർഥിക്കാം.